"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - വാർഷിക പദ്ധതി 2025-26– കോ- ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന് അനുവദിച്ച ധനസഹായത്തിന്റെ രണ്ടാം ഗഡു തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.160/2026/Co-Op തീയതി,തിരുവനന്തപുരം, 12-03-2026

---

പരാമർശം:-

1. സ.ഉ.(സാധാ)നം. 309/2025/സഹ തീയതി 27/06/2025.
2. സ.ഉ.(സാധാ)നം. 468/2025/സഹ തീയതി 31/10/2025
3. കേപ്പ് ഡയറക്ടറുടെ 27/01/2026 ലെ CAPEHO/498/2024/A(ACC2)/205 നം.കത്ത്
4. സർക്കുലർ നം. 36/2024/ധന തീയതി 12/06/2024

**ഉത്തരവ്**

കോ- ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന്റെ നിലവിലുള്ള പ്രോജക്ടുകളുടെ/സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം, നൈപുണ്യ വിജ്ഞാന വികസന കേന്ദ്രം, സാഗര ഹോസ്പിറ്റൽ നവീകരണം എന്നിവയ്ക്കായി 2025-26 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ വകയിരുത്തിയിട്ടുള്ള 600.00 ലക്ഷം രൂപ ധനസഹായം അനുവദിക്കുന്നതിന് പരാമർശം (3) പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

2. പ്രസ്തുത തുകയിൽ ആദ്യഗഡുവായി 210 ലക്ഷം രൂപ റിലീസ് ചെയ്യുന്നതിന് പരാമർശം (2) പ്രകാരം അനുമതി നൽകിയിരുന്നു. ഭരണാനുമതി തുകയിൽ ഇനി അനുവദിക്കാൻ ബാക്കി നിൽപ്പുള്ള തുകയിൽ നിന്നും, ഈ സാമ്പത്തികവർഷം തന്നെ ക്ലിയർ ചെയ്ത് നൽകാനുള്ള പെൻഡിംഗ് ബിൽ തുകയായ 173,49,970 /- രൂപ 2425-00-108-47-35 എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന്

പരാമർശം (3) പ്രകാരം കേപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കോ- ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന് (കേപ്പ്) പരാമർശം (1) പ്രകാരമുള്ള ഭരണാനുമതി തുകയിൽ (600.00 ലക്ഷം രൂപ) നിന്നും രണ്ടാം ഗഡുവായി 173.40 ലക്ഷം രൂപ (നൂറ്റിഎഴുപത്തിമൂന്ന് ലക്ഷത്തി നാൽപ്പതിനായിരം രൂപ മാത്രം) ധനസഹായം (സബ്സിഡി - 2425-00-108-47-00-35-00 PV) ശീർഷകത്തിൽ നിന്നും 2025-26 സാമ്പത്തികവർഷത്തിൽ റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. പരാമർശം (4 ) സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായി പാലിച്ച്കൊണ്ട്, പ്രസ്തുത തുക ബന്ധപ്പെട്ട ശീർഷകത്തിൽ നിന്നും 2025-26 സാമ്പത്തികവർഷത്തിൽ സഹകരണ സംഘം രജിസ്ട്രാർ പിൻവലിച്ച് നൽകേണ്ടതും ഫണ്ട് വിനിയോഗം സംബന്ധിച്ച് സൂക്ഷ്മമായി നിരീക്ഷിയ്ക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അജി ഫിലിപ്പ്

അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.

ധനകാര്യ (അഗ്രി-സി) വകുപ്പ് (അഗ്രി സി1/90/2025/ധന)

വെബ് & ന്യൂ മീഡിയ, ഓഫീസ് കോപ്പി.(ബി3/111/2025)

ഉത്തരവിൻ പ്രകാരം

Signed by
Priyanka T V
Date: 12-03-2026 15:12:35

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പി.എസ്.

സഹകരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.